# 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

സംസ്ഥാന നിയമംമൂലം സ്ഥാപിതമായ വിവിധ സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമന രീതിയും സേവനവ്യവസ്ഥകളും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

<u>പീഠിക</u>.—സംസ്ഥാന നിയമംമൂലം സ്ഥാപിതമായ വിവിധ സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമന രീതിയും സേവനവ്യവസ്ഥകളും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഫെബ്രുവരി 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കരാർ" എന്നാൽ ഒരു സ്വാശ്രയ കോളേജിൽ അദ്ധ്യാപകനായോ അനദ്ധ്യാപക ജീവനക്കാരനായോ നിയമിക്കപ്പെടുന്നതിന് വിദ്യാഭ്യാസ ഏജൻസിയുമായി ഏർപ്പെടുന്ന ഒരു കരാർ എന്നർത്ഥമാകുന്നു;

KNPP. 1997/2021.

(ബി) "വിദ്യാഭ്യാസ ഏജൻസി" എന്നാൽ ഒരു സ്വാശ്രയ കോളേജ് സ്ഥാപിക്കുകയോ നിയന്ത്രിക്കുകയോ നടത്തുകയോ ചെയ്യുന്നതും അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാല അംഗീകരിച്ചതുമായ ഒരാൾ അല്ലെങ്കിൽ ഒരു നികായം എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "അനദ്ധ്യാപക ജീവനക്കാരൻ" എന്നാൽ സ്വാശ്രയ കോളേജിൽ വിദ്യാഭ്യാസ ഏജൻസിയുമായുള്ള കരാർ പ്രകാരം നിയമിക്കപ്പെടുകയും അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ അനദ്ധ്യാപക ജീവനക്കാരനായി രജിസ്റ്റർ ചെയ്യപ്പെട്ടതുമായ ഒരാൾ എന്നർത്ഥമാകുന്നു;

(ഇ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) "റെഗുലേറ്ററി ബോഡി" എന്നാൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ, നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ, ബാർ കൗൺസിൽ ഓഫ് ഇൻഡ്യ, കൗൺസിൽ ഓഫ് ആർക്കിടെക്ചർ എന്നിവ എന്നർത്ഥമാകുന്നതും അതിൽ അതത് സർവ്വകലാശാലയും ഉൾപ്പെടുന്നതുമാകുന്നു;

(എച്ച്) "അവശ്യ തസ്തിക" എന്നാൽ ഒരു സ്വാശ്രയ കോളേജിൽ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത വിവിധ കോഴ്സുകൾക്കായി റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക തസ്തിക എന്നർത്ഥമാകുന്നു;

(ഐ) "സ്വാശ്രയ കോളേജ്" എന്നാൽ ഒരു വിദ്യാഭ്യാസ ഏജൻസി സ്ഥാപിക്കുകയോ നിയന്ത്രിക്കുകയോ നടത്തുകയോ ചെയ്യുന്നതും സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തതും സർവ്വകലാശാല അംഗീകരിച്ചതുമായ കോഴ്സുകൾ നടത്തുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനം എന്നർത്ഥമാകുന്നതും എന്നാൽ അതിൽ സർക്കാർ കോളേജും സർക്കാരുമായി ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള പ്രൈവറ്റ് കോളേജും ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(ജെ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(കെ) "വിദ്യാർത്ഥി" എന്നാൽ ഒരു സ്വാശ്രയ കോളേജ് നടത്തുന്ന ഒരു പഠന കോഴ്സിലേക്ക് പ്രവേശിപ്പിക്കപ്പെട്ടതും അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ യഥാവിധി രജിസ്റ്റർ ചെയ്യപ്പെട്ടതുമായ ഒരാൾ എന്നർത്ഥമാകുന്നു;

(എൽ) "അദ്ധ്യാപകൻ" എന്നാൽ സ്വാശ്രയ കോളേജിൽ വിദ്യാഭ്യാസ ഏജൻസിയുമായുള്ള കരാർ പ്രകാരം നിയമിക്കപ്പെടുകയും അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ അദ്ധ്യാപകനായി രജിസ്റ്റർ ചെയ്യപ്പെട്ടതുമായ ഒരാൾ എന്നർത്ഥമാകുന്നു;

(എം) "സർവ്വകലാശാല" എന്നാൽ 1974-ലെ കേരള സർവ്വകലാശാല ആക്റ്റ് (1974-ലെ 17), 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ് (1975-ലെ 5), 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് (1985-ലെ 12), 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് (1986-ലെ 31), 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റ് (1996-ലെ 22), 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് (2015-ലെ 17) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം യഥാക്രമം സ്ഥാപിതമായ കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല എന്നിവ എന്നർത്ഥമാകുന്നു.

3. സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനം.—(1) സ്വാശ്രയ കോളേജിൽ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോഴ്സുകൾക്ക് വേണ്ടി റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്ന അവശ്യ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ വിദ്യാഭ്യാസ ഏജൻസി വിജ്ഞാപനം മൂലം അപേക്ഷ ക്ഷണിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അവശ്യ തസ്തികകളിലേയ്ക്ക് നിയമിക്കപ്പെടുന്ന ഏതൊരാൾക്കും റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്ന അങ്ങനെയുള്ള യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ് :

എന്നാൽ, ഈ ആക്റ്റിന്റെ പ്രാബല്യ തീയതിയിൽ ഒരു സ്വാശ്രയ കോളേജിൽ അങ്ങനെയുള്ള തസ്തിക വഹിക്കുന്ന ഒരു ജീവനക്കാരന് റെഗുലേറ്ററി ബോഡി നിശ്ചയിച്ച ഏതെങ്കിലും യോഗ്യത ഇല്ലാത്തപക്ഷം, അങ്ങനെയുള്ള യോഗ്യത സർക്കാർ വിജ്ഞാപനം ചെയ്യുന്ന അങ്ങനെയുള്ള തീയതിക്കുള്ളിൽ നേടേണ്ടതാണ് .

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ലഭ്യമാകുന്ന അപേക്ഷ പരിശോധിച്ച ശേഷം അപേക്ഷകരുടെ അഭിമുഖം നടത്തി വിദ്യാഭ്യാസ ഏജൻസി ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതും വിദ്യാഭ്യാസ ഏജൻസി ഈ ആവശ്യത്തിലേയ്ക്കായി നിശ്ചയിക്കുന്ന ഒരു അധികാര സ്ഥാനത്തിന്റെ രേഖാമൂലമുള്ള ഒരു ഉത്തരവ് മുഖേന നിയമനം നടത്തേണ്ടതുമാണ്.

4. <u>വിദ്യാഭ്യാസ ഏജൻസിയുമായുള്ള കരാറും മറ്റു സേവനവ്യവസ്ഥകളും</u>.—(1) സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളും അങ്ങനെയുള്ള തസ്തിക, ശമ്പള സ്കെയിൽ, ഇൻക്രിമെന്റ്, ഗ്രേഡ്, പ്രൊമോഷൻ, നിയമനകാലയളവ്, ശമ്പളം, ബത്ത, അധികസമയ ജോലി എന്നിവ സംബന്ധിച്ച് വിദ്യാഭ്യാസ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്:

എന്നാൽ, ഒരു സ്വാശ്രയ കോളേജിലെ അദ്ധ്യാപകനോ അനദ്ധ്യാപക ജീവനക്കാരനോ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് അങ്ങനെയുള്ള വ്യവസ്ഥകളിൽ പരാമർശിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ആനുകൂല്യം നല്കുന്നതിനുവേണ്ടി വിദ്യാഭ്യാസ ഏജൻസിക്ക് വ്യവസ്ഥ ഉണ്ടാക്കുന്നതിനുള്ള അധികാരത്തെ തടയുന്നതല്ല.

(2) സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തൊഴിൽദിനങ്ങൾ, ജോലിസമയം എന്നിവ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജ് അല്ലെങ്കിൽ സർക്കാരുമായി ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള പ്രൈവറ്റ് കോളേജ് എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ബാധകമായതിന് സമാനമായിരിക്കുന്നതാണ് :

എന്നാൽ, അടിയന്തര സാഹചര്യങ്ങളിൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കരാറിലെ വ്യവസ്ഥകൾ പ്രകാരം അധികസമയ ജോലി നിർവ്വഹിക്കേണ്ടതാണ്.

(3) സർക്കാർ കോളേജിലെ അല്ലെങ്കിൽ സർക്കാരുമായി ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള പ്രൈവറ്റ് കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് അർഹതപ്പെട്ട പൊതു അവധി, ആകസ്മിക അവധി, പ്രസവാവധി എന്നിവ സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

(4) വിദ്യാഭ്യാസ ഏജൻസി, ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളെയും 1952-ലെ ജോലിക്കാരുടെ പ്രൊവിഡന്റ് ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്റ്റിലെ (1952-ലെ 19-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ ഒരു അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് :

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് മുമ്പ് സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളെയും ഈ ആക്റ്റിന്റെ പ്രാബല്യ തീയതി മുതൽ ആറുമാസത്തിനകം എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(5) വിദ്യാഭ്യാസ ഏജൻസി ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളെയും കേന്ദ്ര സർക്കാർ അംഗീകരിച്ച ഒരു ഇൻഷ്വറൻസ് കമ്പനിയുടെ ഇൻഷ്വറൻസ് പദ്ധതിയിൽ ഈ ആക്റ്റിന്റെ പ്രാബല്യ തീയതി മുതൽ ആറുമാസത്തിനകം അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

(6) ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി പ്രായപരിധിയും വിരമിക്കൽ പ്രായവും റെഗുലേറ്ററി ബോഡി കാലാകാലങ്ങളിൽ തീരുമാനിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(7) ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളുടെയും അച്ചടക്ക അധികാരി വിദ്യാഭ്യാസ ഏജൻസി ആയിരിക്കുന്നതാണ്. വിദ്യാഭ്യാസ ഏജൻസി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. <u>അപ്പീൽ</u>.—4-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം വിദ്യാഭ്യാസ ഏജൻസിയുടെ അച്ചടക്ക നടപടിമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാല മുമ്പാകെ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. അങ്ങനെയുള്ള സർവ്വകലാശാലയുടെ വൈസ്-ചാൻസലർ അപ്പീൽ തീർപ്പാക്കേണ്ടതും അതിന്മേലുള്ള ഏതൊരു തീരുമാനവും അന്തിമമായിരിക്കുന്നതുമാണ്.

6. <u>റെക്കാർഡുകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം</u>.—വിദ്യാഭ്യാസ ഏജൻസി സ്വാശ്രയ കോളേജിലെ അവശ്യ തസ്തികകളിലേയ്ക്ക് നിയമിക്കപ്പെട്ട അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വിവരങ്ങൾ സംബന്ധിക്കുന്ന റെക്കാർഡുകളും രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.

7. <u>രജിസ്ട്രേഷൻ</u>.—(1) ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികകളിലേയ്ക്ക് നിയമിച്ച അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വിവരങ്ങൾ നിയമന തീയതി മുതൽ മൂന്ന് മാസത്തിനകം അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ വിദ്യാഭ്യാസ ഏജൻസി രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ പ്രാബല്യ തീയതിക്ക് മുമ്പ് സ്വാശ്രയ കോളേജിലെ അവശ്യ തസ്തികകളിലേയ്ക്ക് നിയമിക്കപ്പെട്ട അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വിവരങ്ങൾ ഈ ആക്റ്റിന്റെ പ്രാബല്യ തീയതി മുതൽ മൂന്ന് മാസത്തിനകം അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ വിദ്യാഭ്യാസ ഏജൻസി രജിസ്റ്റർ ചെയ്യേണ്ടതാണ്.

(3) (1), (2) എന്നീ ഉപവകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ സർവ്വകലാശാല നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) (1), (2) എന്നീ ഉപവകുപ്പുകൾ പ്രകാരം സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ കടമകളും കർത്തവ്യങ്ങളും സർവ്വകലാശാല നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ നേടുന്നതിലേയ്ക്കായി പ്രവർത്തിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർവ്വകലാശാലയുടെ ഏതൊരു തീരുമാനവും വിദ്യാഭ്യാസ ഏജൻസി നടപ്പിലാക്കേണ്ടതാണ്.

8. <u>സ്വാശ്രയ കോളേജിൽ രൂപീകരിക്കേണ്ട വിവിധ നികായങ്ങൾ</u>.—(1) വിദ്യാഭ്യാസ ഏജൻസി, ഈ ആക്റ്റിന്റെ പ്രാബല്യ തീയതി മുതൽ കഴിയുന്നത്രവേഗം, സർവ്വകലാശാലയെ യഥാവിധി അറിയിച്ച ശേഷം താഴെപ്പറയുന്ന നികായങ്ങൾ രൂപീകരിക്കേണ്ടതാണ്, അതായത്:—

(i) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ii) അദ്ധ്യാപക-രക്ഷാകർത്തൃ സമിതി ;

(iii) വിദ്യാർത്ഥി പരാതി പരിഹാര സെൽ;

(iv) കോളേജ് കൗൺസിൽ;

(v) 2013-ലെ ദി സെക്ഷ്വൽ ഹരാസ്മെന്റ് ഓഫ് വിമൺ അറ്റ് വർക്ക്പ്ലേസ് (പ്രിവൻഷൻ, പ്രൊഹിബിഷൻ ആന്റ് റിഡ്രസ്സൽ) ആക്റ്റ് (2013-ലെ 14-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി.

(2) (1)-ാം ഉപവകുപ്പ് (v)-ാം ഇനം ഒഴികെയുള്ള നികായങ്ങളുടെ രൂപീകരണം, അധികാരങ്ങൾ, കടമകൾ, കർത്തവ്യങ്ങൾ എന്നിവ റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ് .

9. <u>ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന്</u> .—ഈ ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

10. <u>ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം</u>.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സർവ്വകലാശാലയിലെ വൈസ്-ചാൻസലർക്കോ ഏതെങ്കിലും അധികാരസ്ഥാനത്തിനോ ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

11. സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റിലെ 7-ാം വകുപ്പിൽ പരാമർശിക്കുന്ന കാര്യങ്ങളിന്മേൽ ഉണ്ടായേക്കാവുന്ന പരാതി സംബന്ധിച്ച് സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് തീർപ്പുകല്പിക്കുന്നതുവരെ യാതൊരു സിവിൽ കോടതിക്കും അങ്ങനെയുള്ള കാര്യങ്ങൾ ഒത്തു തീർപ്പാക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ തീരുമാനിക്കുന്നതിനോ അധികാരമുണ്ടായിരിക്കുന്നതല്ല.

12. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ് :

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

13. റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം.—സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയ്ക്ക് ഒരു സ്വാശ്രയ കോളേജിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി, സർക്കാരിന് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം

പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

15. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ഓർഡിനൻസ് (2021-ലെ 95) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.